**പതിനാലാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3989 25.06.2018 -ലെ മറുപടിക്ക്**

**ഭവനരഹിതരായ എല്ലാ പട്ടികജാതി പട്ടികഗോത്ര വർഗ്ഗക്കാർക്കും വീട്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ. ഒ. ആർ. കേളു<br>ശ്രീ. പി.വി. അൻവർ<br>ശ്രീമതി.പി. അയിഷാ പോറ്റി** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഭവനരഹിതരായ എല്ലാ പട്ടികജാതി പട്ടികഗോത്ര വർഗ്ഗക്കാർക്കും ലൈഫ് മിഷൻ പ്രകാരം വീട് അനുവദിക്കാനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | (എ) | ലൈഫ് മിഷൻ മാനദണ്ഡമനുസരിച്ച് തയ്യാറാക്കിയിട്ടുള്ള ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെട്ട ഭവനരഹിതരായ എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും വീട് അനുവദിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.<br>ഭവനരഹിതരായ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും 2018-19-ൽ വീട് അനുവദിക്കുന്നതിനായി 6082 പട്ടികവർഗ്ഗക്കാരായ ഗുണഭോക്താക്കളുടെ വിവരങ്ങൾ ലൈഫ് മിഷൻ MIS-ൽ ഉൾപ്പെടുത്തി തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികജാതി പട്ടികഗോത്ര വർഗ്ഗക്കാർക്ക് പുതുതായി എത്ര വീടുകൾ അനുവദിച്ചെന്നും മുൻ സർക്കാരിന്റെ കാലത്ത് പൂർത്തിയാകാതെ കിടന്നവയുൾപ്പെടെ എത്ര വീടുകൾ പൂർത്തീകരിക്കാൻ സാധിച്ചെന്നും അറിയിക്കാമോ; | (ബി) | **പട്ടികജാതി വികസന വകുപ്പ്**<br>ഈ സർക്കാർ അധികാരമേറ്റ ശേഷം ഭവനനിർമ്മാണവുമായി ബന്ധപ്പെട്ടുള്ള പുരോഗതി ഇപ്രകാരമാണ് |

| വർഷം | അനുവദിച്ചത് | പൂർത്തീകരിച്ചത് |
|---|---|---|
| 2016-17 | 14906 | 8522 |
| 2017-18 | 8895 | 1006 |
| മുൻസർക്കാരിന്റെ കാലയളവിൽ അനുവദിച്ചതും ഈ സർക്കാർ വന്നശേഷം പൂർത്തീകരിച്ചതുമായ വീടുകൾ | | 8610 |
| **ഈ സർക്കാർ ആകെ പൂർത്തീകരിച്ച വീടുകൾ** | | **18138** |

<table>
<tr><td></td><td></td><td></td><td>പട്ടികവർഗ്ഗ വികസന വകുപ്പ്<br><table><tr><td>2016-2017 സാമ്പത്തിക വർഷം പൂർത്തീകരിച്ച വീടുകൾ</td><td>6709</td></tr><tr><td>മുൻസർക്കാരിന്റെ കാലയളവിൽ അനുവദിച്ചതും എന്നാൽ ഇപ്പോൾ പൂർത്തീകരിച്ചതുമായ വീടുകൾ</td><td>14953</td></tr></table></td></tr>
<tr><td>(സി)</td><td>അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം എത്ര പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;</td><td>(സി)</td><td>പട്ടികജാതി വിഭാഗത്തിൽ തെരഞ്ഞെടുത്ത 280 സങ്കേതങ്ങളിൽ 75 സങ്കേതങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽ തെരഞ്ഞെടുത്ത 101 സങ്കേതങ്ങളിൽ ഡി.പി.ആർ ലഭ്യമായ 76-ൽ 34 സങ്കേതങ്ങൾക്ക് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി നൽകിയിട്ടുണ്ട്.</td></tr>
<tr><td>(ഡി)</td><td>മുൻ സർക്കാരിന്റെ കാലത്ത് ഹാംലറ്റ് വികസന പദ്ധതി പ്രകാരവും സ്വയം പര്യാപ്ത ഗ്രാമ പദ്ധതി പ്രകാരവും എത്ര സങ്കേതങ്ങളുടെ നവീകരണ പ്രവർത്തനം പൂർത്തിയാക്കിയിരുന്നു; ഈ സർക്കാർ അവയിൽ എത്രയെണ്ണത്തിന്റെ പ്രവർത്തനം പൂർത്തിയാക്കിയെന്ന് അറിയിക്കുമോ?</td><td>(ഡി)</td><td>പട്ടികജാതി വികസന വകുപ്പ്: മുൻ സർക്കാരിന്റെ കാലത്ത് സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ 216 സങ്കേതങ്ങളിൽ 31 സങ്കേതങ്ങളുടെ നവീകരണ പ്രവർത്തനം ആരംഭിച്ചിരുന്നു. ഈ സർക്കാർ അധികാരമേറ്റ ശേഷം രണ്ടുവർഷം കൊണ്ട് 74 സങ്കേതങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് : ഹാംലറ്റ് വികസന പദ്ധതിയിൽ തെരഞ്ഞെടുത്ത 46 കോളനികളിൽ മുൻ സർക്കാരിന്റെ കാലത്ത് 12 സങ്കേതങ്ങളും, ഈ സർക്കാർ അധികാരമേറ്റശേഷം 12 സങ്കേതങ്ങളും ഉൾപ്പെടെ ആകെ 24 സങ്കേതങ്ങളുടെ നവീകരണ പ്രവർത്തനങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത്.</td></tr>
</table>

സെക്ഷൻ ഓഫീസർ